പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 4314 | 17.12.2014- ൽ മറുപടിക്ക് |
|---|---|

## ജില്ലാ മാനസികാരോഗ്യ നയം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. വി. ശ്രേയാംസ് കുമാർ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ജില്ലാ മാനസികാരോഗ്യ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | എ) | കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി, 1999-ൽ കേരള സംസ്ഥാന മാനസികാരോഗ്യ നയം രൂപീകരിക്കുകയും സ.ഉ.(അച്ചടി)92/2000 ആ.കു.വ തീയതി 13.04.2000 പ്രകാരം ഇത് സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.<br>സ.ഉ(അച്ചടി) നം. 206/2013/ആ.കു.വ തീയതി 28-05-2013 പ്രകാരം ഈ മാനസികാരോഗ്യനയം കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്. |
| ബി) | മാനസിക വെല്ലുവിളി നേരിടുന്നവരെ ചികിത്സിക്കുന്നതിനും പാർപ്പിക്കുന്നതിനും എന്തെങ്കിലും സംവിധാനങ്ങൾ ജില്ലകളിൽ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | ബി) | സംസ്ഥാന ആരോഗ്യ വകുപ്പ് സമഗ്ര മാനസികാരോഗ്യ പരിപാടിയുടെ കീഴിൽ എല്ലാ ജില്ലകളിലും രണ്ടു വീതം പകൽ വീടുകൾ (സ്ത്രീകൾക്കും പുരുഷൻമാർക്കും ഓരോന്നുവീതം) ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള 16 പകൽ വീടുകൾ വിവിധ ജില്ലകളിലായി ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. ബാക്കി ജില്ലകളിൽ അവ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, പുരോഗമിച്ചു വരുന്നു. |
| സി) | വയനാട് ജില്ലയിൽ ഒരു സർക്കാർ മനോരോഗാശുപത്രി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | സി) | മനോരോഗികളെ അവരുടെ സാമൂഹിക ചുറ്റുപാടിൽ വച്ചു തന്നെ ചികിത്സിപ്പിച്ച് പുനരധിവസിപ്പിക്കുന്നതിനാണ് സർക്കാർ ഊന്നൽ നൽകുന്നത്. അതിനാൽ പുതുതായി മനോരോഗാശുപത്രികൾ ആരംഭിക്കുന്നത് സർക്കാരിന്റെ പരിഗണനയിലില്ല. ജില്ലാ ആശുപത്രികളിലെ മാനസികാരോഗ്യ വിഭാഗത്തിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, മനോരോഗ ചികിത്സാ വിദഗ്ധരുടെ ലഭ്യത അനുസരിച്ച് താലൂക്ക് ആശുപത്രികളിൽ മാനസികരോഗ ചികിത്സ ലഭ്യമാക്കുക, ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുക എന്നിവയ്ക്കാണ് സർക്കാർ പ്രധാന്യം നൽകുന്നത്. |

**സെക്ഷൻ ഓഫീസർ**